(ബി) മാതാ അമൃതാനന്ദമയി ആശുപത്രിയിൽ ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇ.എസ്.ഐ. പദ്ധതിയിൽപ്പെടുന്ന തൊഴിലാളികൾക്ക് താഴെപ്പ റയുന്ന സ്ഥാപനങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം ഏർപ്പെ ടുത്തിയിട്ടുണ്ട്.

1) കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും

2) ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരം

3) റീജിയണൽ കാൻസർ സെന്റർ-തിരുവനന്തപുരം

4) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ-കൊച്ചി. കൂടാതെ മേല്പറഞ്ഞ സ്ഥാപനങ്ങളിൽ യഥാസ മയം ലഭ്യമല്ലാത്ത ചികിത്സ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്ഥാപന ങ്ങളിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്.

വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴി ലാളികൾക്ക് ക്ഷേമനിധി

71 (3472)ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നി ട്ടുണ്ടോ; എങ്കിൽ ഇതിൽമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയി ച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര വർഷത്തിലൊരിക്കലാണ് പ്രസ്തുത തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാറുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഇവരുടെ മിനിമം കൂലി ശാസ്ത്രീയമായി പുതുക്കി നിശ്ചയി ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനു വേണ്ടി തയ്യാറാക്കിയ കരട് ബിൽ നിയമവകു പ്പിന്റെ പരിശോധനയിലാണ്.

(ബി) 4.8.1997 ൽ.

(സി) സാധാരണയായി അഞ്ചുവർഷത്തിലൊരിക്കലാണ് മിനിമം കൂലി പുതുക്കി നിശ്ചയിക്കാറുള്ളത്.

(ഡി) നിലവിലുള്ള മിനിമം വേതനത്തിന്റെ അഞ്ചു വർഷക്കാലാവധി അവസാനിക്കുന്നത് 4.8.2002 ലാണ്. കാലാവധി കഴിഞ്ഞശേഷം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly